# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.522 — 29.6.2011 ൽ മറുപടിക്ക്

### നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിൽ രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. സെൽവരാജ് | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി) |
| എ) നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും കുറവുമൂലം രോഗികൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) രോഗികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി, പ്രസ്തുത ആശുപത്രിയിലെ കുറവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) പ്രസ്തുത ആശുപത്രിയിൽ നിലവിൽ ഏതൊക്കെ തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന വിവരം തസ്തിക തിരിച്ച് ലഭ്യമാക്കുമോ; | സി) ഹെഡ് നഴ്സ് – 3; സ്റ്റാഫ് നഴ്സ് – 4; ആശുപത്രി അറ്റൻഡർ ഗ്രേഡ് 1 – 2; ആശുപത്രി അറ്റൻഡർ ഗ്രേഡ് 2 – 11; കുക്ക് – 2; ഡ്രൈവർ – 1; ഹെഡ് ക്ലാർക്ക് – 1; ജൂനിയർ സൂപ്രണ്ട് – 1 |
| ഡി) "നെയ്യാറ്റിൻകര ആശുപത്രിയിൽ സംഘർഷം" എന്ന വാർത്ത 18.6.2011 ലെ കേരള കൗമുദി ദിനപത്രത്തിൽ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടിയാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) പ്രസ്തുത പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇനി ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ